# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3589** **17.10.2011ൽ മറുപടിക്ക്**

## മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസന ഫണ്ട്

**ചോദ്യം**

**ശ്രീ. ഹൈബി ഈഡൻ**
**ശ്രീ. പാലോട് രവി**
**ശ്രീ. ലൂഡി ലൂയിസ്**
**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**

എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തി നായി കേന്ദ്ര സർക്കാർ നൽകിയ തുക ചെലവഴിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് കേന്ദ്രസർക്കാർ നൽകിയത് ; അതിൽ എത്ര രൂപ ചെലവഴിക്കാതെയുണ്ട് ;

സി) ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് മാനസിക രോഗികൾക്കു വേണ്ടിയുള്ള മുറികൾ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത്;

ഡി) മാനസിക രോഗമുള്ളവരെ തിരിച്ചറിയാൻ എന്തെങ്കിലും നടപടികൾ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരുകളോട് നിർദ്ദേശിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ പൂർണ്ണരൂപം ലഭ്യമാക്കുമോ ?

**മറുപടി**

**ശ്രീ. അടൂർ പ്രകാശ്**
**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)**

എ) മുൻ സർക്കാരിന്റെ കാലത്തെ മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ, 2005-06 കാലയളവിൽ ലഭിച്ച കേന്ദ്ര സഹായം പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്.

(ബി) 2005-06 കാലയളവിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങൾക്കായി യഥാക്രമം 250 ലക്ഷം, 110 ലക്ഷം, 285 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഇതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയെ സംബന്ധിച്ചുള്ള വിശദ വിവരം താഴെ ചേർത്തിരിക്കുന്നു.

| മാനസികാരോഗ്യ കേന്ദ്രം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|
| തിരുവനന്തപുരം | 250 | 40,84,884 |
| തൃശ്ശൂർ | 110 | 5,10,000 |
| കോഴിക്കോട് | 285 | 23,94,460 |

(സി) കൊല്ലം ജില്ലാ ആശുപത്രിയിൽ ഏതാനും മുറികൾ സ്റ്റോർ റൂമായി മുമ്പ് ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഈ മുറികൾ മനോരോഗികളുടെ ആവശ്യത്തിനായാണ് ഉപയോഗിക്കുന്നത്. മറ്റ് ജില്ലാ ആശുപത്രികളിൽ ഈ പ്രശ്നം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 14.4.2009ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം പരിശോധിച്ച ശേഷം സംസ്ഥാന സർക്കാർ സമൂഹത്തിലെ മനോരോഗികളെ തിരിച്ചറിയുന്നതിനു വേണ്ടി ഒരു എപ്പിഡമിയോളജിക്കൽ സർവ്വേ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശത്തിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**Relevant Extract of the recommendation made by National Human Rights Commission (NHRC) during its visit on 14.04.2009.**

IX. The State Government must think of conducting an epidemiological survey to identify the mentally ill persons in a family, village, district and draw up a strategy for

- Setting up of new hospitals ;
- Increasing no. of beds in old hospitals ;
- Improving facilities for treatment, teaching, training and research
- Deciding on psychiatric and non-psychiatric personnel, drugs, tools, equipments, training etc.

സെക്ഷൻ ഓഫീസർ